**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ വർഷത്തെ മണ്ഡലകാലം അവസാനിച്ചപ്പോൾ ശബരിമലയിൽ നിന്നും ലഭിച്ച വരുമാനം എത്രയാണെന്നും അത് ഏതൊക്കെ ഇനങ്ങളിലാണെന്നും അറിയിക്കാമോ; | (എ) | ഇക്കഴിഞ്ഞ ശബരിമല തീർത്ഥാടന കാലം അവസാനിച്ചപ്പോൾ ശബരിമലയിൽ ലഭിച്ച വരുമാനം 351 കോടി രൂപയോളമാണ്. കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. ശബരിമലയിലെ വരുമാനം പ്രധാനമായും വഴിപാട്, പ്രസാദം, കാണിക്ക, മുറിവാടക, സംഭാവന, കുത്തക മുതലായവയിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) | ഈ മണ്ഡലകാലത്ത് ശബരിമലയിൽ ഉദ്ദേശം എത്ര തീർത്ഥാടകർ എത്തിയിട്ടുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ? | (ബി) | ഇക്കഴിഞ്ഞ തീർത്ഥാടനകാലത്ത് 50 ലക്ഷത്തോളം തീർത്ഥാടകർ എത്തിയിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ